I/60651/2022

"ഭരണഭാഷ-മാതൃഭാഷ"

No.DWCD/1769/2022-E5

വനിത ശിശുവികസന ഡയറക്ടറുടെ
കാര്യാലയം,
പൂജപ്പുര,തിരുവനന്തപുരം
തീയതി : 28-09-2022
E-Mail:directorate.wcd@kerala.gov.in
Phone No.0471–2346534

**പരിപത്രം**

വിഷയം:- വനിതാ ശിശുവികസന വകുപ്പ്-ജീവനക്കാര്യം- സർക്കാർ ഓഫീസുകളുടെ അനാസ്ഥയെ കുറിച്ചുള്ള പരാതി-വനിത ശിശു വികസന വകുപ്പിലെ ജീവനക്കാർ സ്വീകരിക്കേണ്ട നടപടികൾ- മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്:-

സൂചന:- 13.05.2022 ലെ WCD-PS1/150/2022/WCD നമ്പർ സർക്കാർ കത്ത്.

കേരളത്തിലെ സർക്കാർ ഓഫീസുകളിലെ അനാസ്ഥയെ കുറിച്ച് പൊതുവായി നിരവധി പരാതികൾ ഉണ്ടാകുന്ന സാഹചര്യത്തിൽ വനിത ശിശു വികസന വകുപ്പുമായി ബന്ധപ്പെട്ട് ജീവനക്കാർ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് ചുവടെ ചേർക്കും പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. വനിത ശിശു വികസന ഡയറക്ടറേറ്റ് ഉൾപ്പെടെയുള്ള കീഴ്കാര്യാലയങ്ങളിലെല്ലാം അന്വേഷണങ്ങളുമായി നേരിട്ടെത്തുന്നവർക്ക് യാതൊരു ബുദ്ധിമുട്ടും ഉണ്ടാകാത്ത വിധം വിവരങ്ങൾ നൽകേണ്ടതാണ്.

2. വിവിധ ആവശ്യങ്ങൾക്കായി എത്തുന്ന പൊതു ജനങ്ങളോട് ജീവനക്കാർ വളരെ നല്ല രീതിയിൽ പെരുമാറേണ്ടതും വ്യക്തമായ വിവരങ്ങൾ നൽകേണ്ടതുമാണ്.

3. വനിത ശിശുവികസന ഡയറക്ടറേറ്റ് ഉൾപ്പെടെയുള്ള എല്ലാ കീഴ്കാര്യാലയങ്ങളിലും വരുന്ന ഫോൺ കോളുകൾ കൃത്യമായി അറ്റൻഡ് ചെയ്യുന്നതിനായി കാര്യാലയമേധാവി ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യേണ്ടതും പ്രസ്തുത ഉത്തരവാദിത്വം കാര്യക്ഷമമായി നിറവേറ്റുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ ജീവനക്കാർക്ക് നൽകേണ്ടതുമാണ്.

4. ജീവനക്കാർ പൊതു ജനങ്ങളോട് മോശമായി പെരുമാറുന്നത് സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭ്യമായാൽ ടിയാളുകൾക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്.

5. ജില്ലാ വനിത ശിശു വികസന ഓഫീസർമാർ മേൽ വിഷയം ജില്ലാതലത്തിൽ പരിശോധിക്കേണ്ടതും

I/60651/2022

കീഴ്കാര്യാലയങ്ങളുടെ / സ്ഥാപനങ്ങളുടെ പ്രവർത്തനത്തിനുതകും വിധം അവശ്യമായ ക്രമീകരണങ്ങളും തുടർ പരിശോധനകളും നടത്തേണ്ടതുമാണ്.

വനിതാ ശിശു വികസന ഡയറക്ടർ

എല്ലാ കീഴ്കാര്യാലയമേധാവിമാർക്കും (ജീവനക്കാരുടെ ശ്രദ്ധയിൽപെടുത്തുന്നതിന്)

സൂപ്രണ്ട്, ഐടി സെൽ (വെബ്സൈറ്റ് പ്രസിദ്ധീകരണത്തിന്)

Signed by Priyanka G
Date: 28-09-2022 13:23:16